കീ റിസോഴ്സ് പേഴ്സൺസിന്റെ പരിശീലനം

35 (968) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് എത്ര കീ റിസോഴ്സസ് പേഴ്സൺസിനെ നിയമിച്ചിട്ടുണ്ട് ;

(ബി) അവർക്കുവേണ്ടി ഇതുവരെ എത്ര ദിവസത്തെ പരിശീലനം ഏർപ്പെടുത്തിയിട്ടുണ്ട് ;

(സി) ഈ പരിശീലനത്തിനു വേണ്ടി പരിശീലകരുടെയും കീറിസോഴ്സ് പേഴ്സ്ൺസിന്റെയും ടി.എ., ഡി.എ എന്നീയിനങ്ങളിൽ എന്തു തുക ചെലവായിട്ടുണ്ട് ;

(ഡി) കീ റിസോഴ്സസ് പേഴ്സൺസിൽ ഉള്ളവർക്ക് ടി.എ., ഡി.എ. ഇനത്തിൽ ഇതുവരെ പരമാവധി എന്തു തുക കിട്ടിയിട്ടുണ്ട് ;

(ഇ) കീ റിസോഴ്സ് പേഴ്സൺസിന്റെ പരിശീലനത്തിനു മാത്രം ഇതു വരെ ഒട്ടാകെ എന്തു ചെലവ് വന്നിട്ടുണ്ട്?

ഉത്തരം

(എ) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് കീ റിസോഴ്സ് പേഴ്സൺമാരെ ഗവൺമെന്റ് നിയമിച്ചിട്ടില്ല. ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ സന്നദ്ധ പ്രവർത്തനം നടത്താൻ തയ്യാറുള്ളവരെ ബന്ധപ്പെട്ട ജില്ലാ ആസൂത്രണ സമിതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിർദ്ദേശിക്കുകയും അവർക്ക് പരിശീലനം നല്കി സജ്ജരാക്കുകയുമാണ് ചെയ്തിട്ടുള്ളത്. 673 പേർ കീ റിസോഴ്സ് പേഴ്സൺസ്മാരായി പ്രവർത്തിക്കുന്നുണ്ട്.

(ബി) ജനകീയാസൂത്രണത്തിന്റെ ആദ്യത്തെ രണ്ട് ഘട്ടങ്ങളിലെ സംസ്ഥാനതല പരിശീലനത്തിൽ പങ്കെടുത്തിട്ടുള്ളവരെയാണ് കീ റിസോഴ്സ് പേഴ്സൺസ്മാരായി നിയോഗിച്ചിട്ടുള്ളത്. ഒന്നാം ഘട്ട സംസ്ഥാനതല പരിശീലനം അഞ്ച് ദിവസവും രണ്ടാംഘട്ട സംസ്ഥാനതല പരിശീലനം മൂന്ന് ദിവസവും വീതമായിരുന്നു. തുടർന്ന് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദഗ്ധ സമിതി അംഗങ്ങൾ എന്നീ വിഭാഗങ്ങൾക്ക് നൽകിയ എല്ലാ പരിശീലനങ്ങളിലും കീ റിസോഴ്സ് പേഴ്സൺമാർ പങ്കാളികളായിരുന്നു. ഒന്നാം ഘട്ടത്തിൽ ഗ്രാമസഭാ സംഘാടനം, വികസന രേഖ തയ്യാറാക്കൽ എന്നിവ സംബന്ധിച്ചും രണ്ടാം ഘട്ടത്തിൽ വികസന സെമിനാർ സംബന്ധിച്ചുമാണ് പരിശീലനം നൽകിയത്. തുടർന്ന് പദ്ധതി രേഖ തയ്യാറാക്കൽ പദ്ധതിരേഖ പരിശോധന, പ്രോജക്ടുകളുടെ സാങ്കേതിക പരിശോധന മുതലായ മേഖലകളിലും പരിശീലനം നൽകിയിട്ടുണ്ട്. ഇതിനു പുറമെ വിവിധ വികസന മേഖലകളിൽ പ്രത്യേക പരിശീലനം, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവർക്ക് നൽകിയ പരിശീലനം, ഗുണഭോക്തൃ സമിതി രൂപീകരണം, മോണിട്ടറിംഗ് മുതലായ വിഷയങ്ങളിലെ പരിശീലനം എന്നിവയിലെല്ലാം കീ റിസോഴ്സ് പേഴ്സൺമാർ പങ്കെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരിശീലനങ്ങളിൽ പങ്കെടുത്തിട്ടുള്ള കീ റിസോഴ്സ് പേഴ്സൺമാർക്കും പരിശീലകർക്കും അവരുടെ യഥാർത്ഥ യാത്രാക്കൂലി, പരമാവധി രണ്ടാം ക്ലാസ് റെയിൽവേ ചാർജ്ജ് എന്നതിനു വിധേയമായി മാത്രമെ നൽകിയിട്ടുള്ളൂ. സന്നദ്ധസേവനമായതിനാൽ സർക്കാർ നിരക്കിൽ ദിനബത്ത നൽകിയിട്ടില്ല.

(ഡി) ഓരോ വ്യക്തിയും പങ്കെടുക്കുന്ന പരിശീലനത്തിന്റെ ദൈർഘ്യവും യാത്ര ചെയ്യുന്ന ദൂരവും അനുസരിച്ച് ലഭിക്കുന്ന ചെലവിന്റെ തുക കൂടുതലും കുറയുകയും ചെയ്യും. ഒരാൾക്ക് ഇതുവരെ പരമാവധി എന്തുതുക ലഭിച്ചിട്ടുണ്ട് എന്ന വിവരം ലഭ്യമല്ല.

(ഇ) ഒന്നും രണ്ടും ഘട്ടങ്ങളിലായി കീ റിസോഴ്സ് പേഴ്സൺമാരുടെ മാത്രം പരിശീലനത്തിന് 12.30 ലക്ഷം രൂപ ചെലവായിട്ടുണ്ട്. തുടർന്നുള്ള പരിശീലനങ്ങളിൽ മറ്റുള്ളവരോടൊപ്പം കീ റിസോഴ്സസ് പേഴ്സൺമാരും കൂടി പങ്കെടുത്തിട്ടുള്ളതിനാൽ അവരുടെ മാത്രം പരിശീലനത്തിന്റെ ചെലവ് ലഭ്യമല്ല.

ജനകീയാസൂത്രണത്തിന്റെ ചെലവ്

36 (969) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തോടനുബന്ധിച്ച് നൽകിയ പരിശീലനത്തിന് അനുദ്യോഗസ്ഥന്മാർ ക്ലാസ് എടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ക്ലാസ്സെടുത്ത അനുദ്യോഗസ്ഥൻമാരുടെ ലിസ്റ്റ് ലഭ്യമാക്കാമോ ;

(സി) എന്തെല്ലാം വിഷയങ്ങളെപ്പറ്റിയാണ് ക്ലാസ്സെടുത്തത് ;

(ഡി) ഇപ്രകാരം ക്ലാസ്സെടുത്തവർക്ക് ടി.എ., ഡി.എ എന്നീയിനങ്ങളിൽ ജനകീയാസൂത്രണം തുടങ്ങിയശേഷം ഓരോ വർഷവും എന്തുതുക ചെലവായിട്ടുണ്ട് ;

(ഇ) 2000-2001-ൽ 2000 ഡിസംബർ വരെ എന്തുതുക ചെലവായി ;

(എഫ്) ജനകീയാസൂത്രണ ക്ലാസ്സുകളിൽ പങ്കെടുത്തവർക്കും ക്ലാസ്സെടുത്തവർക്കും ഭക്ഷണത്തിനുവേണ്ടി എന്തുതുക ചെലവായിട്ടുണ്ട് ;

(ജി) ജനകീയാസൂത്രണത്തിന്റെ പരിശീലനത്തിനായി 31-12-2000 വരെ എന്തു തുക ചെലവായിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാന അനുദ്യോഗസ്ഥരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം - X

LIBRARY ARCHIVES Kerala Legislative Assembly